# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 3372 **19-06-2019 ൽ മറുപടിയ്ക്ക്**

## ഇമ്പിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീ. കെ.ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| എ) | ഇമ്പിച്ചിബാവ ഭവന നിർമ്മാണ/ പുനരുദ്ധാരണ പദ്ധതിയുടെ ആനുകൂല്യം നാളിതുവരെ എത്ര പേർക്ക് ലഭ്യമായിട്ടുണ്ടെന്ന് ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ; | എ) | ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതിയ്ക്കായി നാളിതുവരെ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | പ്രസ്തുത പദ്ധതിയിൽ അതത് സാമ്പത്തിക വർഷം ജില്ലാ കളക്ടറേറ്റ് വഴി ലഭ്യമാകുന്ന അപേക്ഷകളിൽ അതത് ജില്ലകളിൽ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലെ പ്രോജക്ട് ആഫീസർ ചെയർമാനായുള്ള ജില്ലാതല സെലക്ഷൻ കമ്മിറ്റി കൂടുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അപേക്ഷകളിന്മേൽ ഫീൽഡ് വെരിഫിക്കേഷനടക്കമുള്ള നടപടി ക്രമങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുന്നു. തുടർന്ന് ഫീൽഡ് വെരിഫിക്കേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് ജില്ലകൾ അർഹരായ ഗുണഭോക്തക്കളുടെ അന്തിമലിസ്റ്റ് തയ്യാറാക്കി ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തോട് കൂടി ടി ലിസ്റ്റിലെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്തക്കളുമായി കരാർ ഉടമ്പടി ഒപ്പ് വെയ്ക്കുന്നു. തുടർന്ന് ആകെ തുകയുടെ ഒന്നാം ഗഡുവായ 20% തുക വീടിന്റെ അടിസ്ഥാനം പൂർത്തീകരിക്കുന്നതിലേക്കായി മുൻകൂറായി അനുവദിക്കുകയും ആയത് പൂർത്തീകരിച്ച് വില്ലേജ് ആഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനനുസരിച്ച് രണ്ടാം ഗഡുവായ 50% തുകയും വീടിന്റെ മേൽക്കൂര വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലേക്കായി അനുവദിക്കുന്നു. ആയത് പൂർത്തീകരിച്ച് വില്ലേജ് ആഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതോടെ അവസാന ഗഡുവായ 30% തുകയും കക്കൂസ് നിർമ്മാണം, വൈദ്യുതീകരണം, ജനലുകൾ/ വാതിലുകൾ ഉറപ്പിക്കുന്നതടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുവദിക്കുന്നു. എന്നാൽ ലൈഫ് പദ്ധതി വന്നതിനുശേഷം 2017 - 18 വർഷം മുതലുള്ള പദ്ധതിയിൽ 10:40:40:10 എന്ന അനുപാതത്തിലാണ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ആനുകൂല്യം നൽകി വരുന്നത്. |

| | | | |
|---|---|---|---|
| സി) | പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ? | സി) | ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയാണ് ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/ പുനരുദ്ധാരണ പദ്ധതി. ഇതിനായി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു.<br><br>1 അപേക്ഷക/ അപേക്ഷകയുടെ മക്കൾ മാനസിക - ശാരീരിക വെല്ലുവിളി നേരിടുന്നവരാണെങ്കിൽ<br>2 മൈനറായ മക്കളുള്ള അപേക്ഷകർ<br>3 പെൺകുട്ടികൾ മാത്രമുള്ള അപേക്ഷകർ<br>4 ബി.പി.എൽ കുടുംബത്തിൽപ്പെട്ടവർ<br>5 40-55 പ്രായത്തിനിടയിലുള്ള അപേക്ഷകർ<br>6 ഏകവരുമാനദായക അപേക്ഷകർ<br>7 സ്വന്തം പേരിൽ കുറഞ്ഞത് രണ്ട് സെൻറ് സ്ഥലം ഉള്ളവർ<br>8 ക്യാൻസർ, കിഡ്നി പ്രശ്നം, ലിവർ സിറോസിസ്, തളർവാതം തുടങ്ങിയ അസുഖങ്ങളുള്ള അപേക്ഷകർ<br>9 അപേക്ഷകയുടെ മക്കൾക്ക് മേൽ പറഞ്ഞ അസുഖങ്ങളുള്ളവരാണെങ്കിൽ<br>10 അപേക്ഷകയുടെ പരമാവധി വസ്തു വിസ്തീർണ്ണം 25 സെന്റ് വരെയായിരിക്കണം |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| | ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|
| ജില്ല | ഭവന നിർമ്മാണ പദ്ധതി | ഭവന പുനരുദ്ധാരണ പദ്ധതി |
| തിരുവനന്തപുരം | 353 | 60 |
| കൊല്ലം | 281 | 60 |
| പത്തനംതിട്ട | 158 | 70 |
| ആലപ്പുഴ | 415 | 80 |
| കോട്ടയം | 185 | 55 |
| ഇടുക്കി | 300 | 55 |
| എറണാകുളം | 238 | 85 |
| തൃശ്ശൂർ | 287 | 45 |
| പാലക്കാട് | 372 | 60 |
| മലപ്പുറം | 1194 | 200 |
| കോഴിക്കോട് | 425 | 55 |
| വയനാട് | 480 | 60 |
| കണ്ണൂർ | 447 | 70 |
| കാസർഗോഡ് | 350 | 45 |
| ആകെ | 5485 | 1000 |

**സെക്ഷൻ ഓഫീസർ**